# സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ
## തോക്കുപാറ

| | |
|---|---|
| ഉപജില്ല | : അടിമാലി |
| വിദ്യാഭ്യാസ ജില്ല | : തൊടുപുഴ |
| വിദ്യഭ്യാസ ഉപഡയറക്ടറേറ്റ് | : തൊടുപുഴ |
| ജില്ല | : ഇടുക്കി |
| ഗ്രാമപഞ്ചായത്ത് | : വെള്ളത്തൂവൽ |
| ബ്ലോക്ക് | : അടിമാലി |
| താലൂക്ക് | : ദേവികുളം |

## അക്കാദമിക മാസ്റ്റർ പ്ലാൻ
# വിദ്യാമൃതം 2025 – 26


അഡ്രസ്സ് : സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ
തോക്കുപാറ
തോക്കുപാറ പി. ഒ.
പിൻ 685565
ഇടുക്കി ജില്ല
ഫോൺ 04865 – 263110
Email : 29035sshs@gmail.com

# ഉള്ളടക്കം

1. വിദ്യാമൃതം 2025-26 നിർമ്മിതിയിൽ...

2. സ്കൂൾ അനുബന്ധം

3. ചരിത്രപഥത്തിലൂടെ...

4. കാഴ്ചപ്പാട്

5. ലക്ഷ്യങ്ങൾ

6. അവസ്ഥാ പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ

7. പ്രശ്നങ്ങളും അവയുടെ കാരണങ്ങളും

8. പ്രശ്നങ്ങൾ മുൻഗണനാക്രമത്തിൽ

9. വിഷയാധിഷ്ഠിത പ്രവർത്തനങ്ങൾ

10. ഓരോ പ്രവർത്തനങ്ങളും നടപ്പിലാക്കാനുള്ള പദ്ധതി (ഹ്രസ്വം / ദീർഘം)

11. പ്രവർത്തന കലണ്ടർ

12. വിദ്യാമൃതം മികവിലൂടെ...

# സ്കൂൾ അനുബന്ധം

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | - | സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ തോക്കുപാറ |
| ജില്ല | - | ഇടുക്കി |
| വിദ്യാഭ്യാസ ജില്ല | - | തൊടുപുഴ |
| വിദ്യാഭ്യാസ ഉപജില്ല | - | അടിമാലി |
| ബി.ആർ.സി. | - | അടിമാലി |
| സി.ആർ.സി. | - | തോക്കുപാറ |
| വില്ലേജ് | - | കുഞ്ചിത്തണ്ണി |
| പഞ്ചായത്ത് | - | വെള്ളത്തൂവൽ |
| ലോകസഭാമണ്ഡലം | - | ഇടുക്കി |
| നിയമസഭാ മണ്ഡലം | - | ദേവികുളം |
| ബ്ലോക്ക് | - | അടിമാലി |
| ഹെഡ്മാസ്റ്റർ | - | നെൽസൺ സി. കോനൂർ |
| ഫോൺ | - | 9447597679 |

# സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ
# വിദ്യാകിരൺ 2025-26 നിർമ്മിതിയിൽ...

| | | | |
|---|---|---|---|
| 1. | പഞ്ചായത്ത് പ്രസിഡന്റ് | - | ശ്രീമതി. ഷിബി എൽദോസ് |
| 2. | പഞ്ചായത്ത് മെമ്പർ | - | ശ്രീമതി. ജെയ്സി ജോസഫ് |
| 3. | സ്കൂൾ മാനേജർ | - | റവ. ഫാ. ജെയിംസ് പാറക്കടവിൽ |
| 4. | ഹെഡ്മാസ്റ്റർ | - | ശ്രീ. നെൽസൺ സി. കോനൂർ |
| 5. | സ്റ്റാഫ് സെക്രട്ടറി | - | ശ്രീമതി.സി. ബിന്ദു ജോർജ്ജ് |
| 6. | പി.ടി.എ. പ്രസിഡന്റ് | - | ശ്രീ. സിജോ വർഗ്ഗീസ് |
| 7. | MPTA പ്രസിഡന്റ് | - | ശ്രീമതി. ഷെർളി കെ.ജെ |
| 8. | സീനിയർ അസിസ്റ്റന്റ് | - | ശ്രീമതി. സെലിൻ കെ. ദേവസ്യ |
| 9. | SRG കൺവീനർ | - | ശ്രീമതി. ഷീജ കെ.എം. |

# ചരിത്രപഥത്തിലൂടെ.....

തെക്കിന്റെ കാശ്മീർ എന്നറിയപ്പെടുന്ന മൂന്നാറിന്റെ പ്രവേശന കവാടമാണ് തോക്കുപാറ ഗ്രാമം. ഈ ഗ്രാമത്തിന്റെ സാമൂഹ്യ - സാംസ്കാരിക വികസന മേഖലയുടെ തിലകക്കുറിയായി പ്രശോഭിക്കുന്ന സരസ്വതീ ക്ഷേത്രമാണ് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ തോക്കുപാറ. പഴയ തലമുറയെ കുടിയേറ്റത്തിന്റെ ക്ലേശങ്ങളും അരക്ഷിതാവസ്ഥയും അലോസരപ്പെടുത്തിക്കൊണ്ടിരിക്കുന്ന കാലത്ത് ഈ നാടിന് അറിവിന്റെ കൈത്തിരി വെട്ടം പകരാൻ കോതമംഗലം രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ 1983 ജൂൺ ഒന്നിന് തോക്കുപാറ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ സ്ഥാപിതമായി. ആദ്യ മാനേജരായി റവ.ഫാ. മാത്യു വടക്കുംപാടം ചുമതലയേറ്റു. വിവിധ വിഷയങ്ങളിൽ പഠിപ്പിക്കുന്നതിനായി ഏഴ് അദ്ധ്യാപകർ നിയമിതരായി. ശ്രീ. ജോൺ കെ.വി. ടീച്ചർ ഇൻചാർജ്ജായി ചുമതലയേറ്റു. 1985 - ൽ ആദ്യത്തെ ഹെഡ്മാസ്റ്ററായി ശ്രീ. ജോസഫ് എം.റ്റി. നിയമിതനായി. നാളിതുവരെ ഇരുപത് ഹെഡ്മാസ്റ്റർമാർ ടി സ്കൂളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

കുടിയേറ്റ മേഖലയിലെ കടുത്ത സാമ്പത്തിക വൈഷമ്യങ്ങൾക്കിടയിലും സ്കൂളിന് സ്ഥിരമായ കെട്ടിടം നിർമ്മിക്കാൻ ബഹുമാനപ്പെട്ട മാത്യു വടക്കുംപാടം അച്ചന്റെ നേതൃത്വത്തിൽ ഈ ഗ്രാമം ഒറ്റക്കെട്ടായി നടത്തിയ പരിശ്രമം ഈ നാടിന്റെ ചരിത്രത്തിലെ നാഴികകല്ലാണ്. ഇല്ലായ്മകളുടെ നടുവിൽ ഒരു സമൂഹത്തിന്റെ കഠിനാധ്വാനത്തിന്റെ ഫലമായി സ്വന്തം കെട്ടിടം എന്ന ലക്ഷ്യം പ്രാപ്യമായി.

കെട്ടിട നിർമ്മാണത്തിന് നേതൃത്വം നൽകുകയും വിവിധ തരത്തിലുള്ള സംഭാവനകൾ നൽകുകയും ചെയ്ത മൺമറഞ്ഞുപോയ പൂർവ്വസൂരികളുടെ സ്മരണയ്ക്കു മുന്നിൽ ആദരവോടെ ശിരസ്സു നമിക്കുന്നു. ഈ നാടിന്റെ കരുത്തായി, വഴികാട്ടികളായി ഇന്നും ജീവിക്കുന്ന സുമനസ്സുകളുടെ സേവനങ്ങൾ നന്ദിയോടെ അനുസ്മരിക്കുന്നു. 2004 - ൽ റവ.ഫാ. ജോസ് കരിവേലിയ്ക്കലിന്റെ നേതൃത്വത്തിലാണ് ഇടുക്കി വിദ്യാഭ്യാസ രൂപത പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ റവ.ഫാ. ജോർജ്ജ് തകടിയേലാണ് വിദ്യാലയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

# കാഴ്ചപ്പാട്

ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ നല്ല പഠനാന്തരീക്ഷവും, മികച്ച പഠനരീതികളും സംജാതമാക്കുക എന്നതാണ് വിദ്യാമതം പദ്ധതിയുടെ കാഴ്ചപ്പാട്.

പഠനബോധനരീതികളിൽ വന്ന മാറ്റങ്ങൾ, സുസ്ഥിരവികസന സൂചികകൾ, സർക്കാർ നടപ്പാക്കുന്ന "വിദ്യാകിരൺ" പദ്ധതി, കേന്ദ്രസർക്കാരിന്റെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ സാധ്യതകൾ എന്നിവയെല്ലാം പരിഗണിച്ച്, ഓരോ വിദ്യാർത്ഥിയുടെയും അവകാശമായ "ഗുണമേന്മയുള്ള വിദ്യാഭ്യാസം" എന്ന കാഴ്ചപ്പാടാണ് നമ്മുടെ വിദ്യാലയം ലക്ഷ്യമിടുന്നത്. പാഠ്യപാഠ്യേതര വിഷയങ്ങളിൽ ഭിന്നശേഷിക്കാരെ പ്രത്യേകം പരിഗണിച്ച് നമ്മുടെ വിദ്യാലയം പഠന പിന്തുണ നൽകുന്നു. ലോകത്തെവിടെയുമുള്ള സമപ്രായക്കാരോട് സംവദിക്കാനുള്ള നൈപുണി നമ്മുടെ കുട്ടികൾക്കും ഉണ്ടാവണം എന്നതാണ് വിദ്യാമൃതം പദ്ധതി ലക്ഷ്യമിടുന്നത്.

# ലക്ഷ്യങ്ങൾ

## വിദ്യാമൃതം 2025-26 പദ്ധതി ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ

ദേശീയ- അന്തർദേശീയ നിലവാരത്തിൽ സ്കൂൾ പഠനം പൂർത്തിയാക്കുന്നതിനായുള്ള ശേഷികളും, ശാസ്ത്രം, ഗണിതശാസ്ത്രം, ഭാഷാശേഷികൾ, എന്നിവ അടിസ്ഥാനപ്പെടുത്തി ജൂൺ മുതൽ മാർച്ച് വരെയുള്ള അക്കാദമിക വർഷത്തിൽ പഠന-ബോധന പ്രവർത്തനങ്ങളിലൂടെ പൊതു വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നേടിയെടുക്കുക എന്നതാണ് 'വിദ്യാമൃതം' പദ്ധതി ലക്ഷ്യമിടുന്നത്.

ഓരോ വിദ്യാർത്ഥിയുടെയും സവിശേഷതകളും പരിമിതികളും തിരിച്ചറിഞ്ഞ് വ്യക്തിപരമായ കഴിവും മികവുകളും പരമാവധി പോഷിപ്പിക്കുകയാണ് നമ്മുടെ ലക്ഷ്യം.

സങ്കേതങ്ങളുടെയും സമ്പ്രദായങ്ങളുടെയും സമന്വയത്തിലൂടെ സാമൂഹിക ബോധമുള്ള പൗരരും മെച്ചപ്പെട്ട മനുഷ്യരുമായി വാർത്തെടുക്കുക എന്ന ലക്ഷ്യമാണ് വിദ്യാമൃതം 2025-26 പദ്ധതി ആസൂത്രണം ചെയ്യുന്നത്.

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യമാക്കുന്നു. അക്കാദമിക നിലവാരം ഉയർത്തുന്നതിനായി പഠനത്തിൽ മികവ് പുലർത്തുന്ന കുട്ടികളെ തെരഞ്ഞെടുത്ത് അധിക പരിശീലനം നൽകുന്നു. കുട്ടികൾ തയ്യാറാക്കുന്ന പതിപ്പുകൾ, മാഗസിനുകൾ പഠന പ്രവർത്തനങ്ങൾ തുടങ്ങിയ പ്രദർശിപ്പിക്കുവാനുള്ള അവസരം നൽകുന്നു. പഠനപിന്നോക്കം നിൽക്കുന്ന കുട്ടികളെക്കൂടി ഉൾപ്പെടുത്തി പഠനപ്രവർത്തനങ്ങൾ നടത്തുന്നതിനാൽ അവരെ പ്രോത്സാഹിപ്പിക്കുവാൻ സാധിക്കുന്നു. സ്കൂൾ അസംബ്ലിയിൽ അവർക്കുള്ള അംഗീകാരം നൽകുന്നു.

- വിദ്യാലയത്തിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുവാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. 8-ാം ക്ലാസുമുതൽ 10-ാം ക്ലാസുവരെയുള്ള കുട്ടികൾക്ക് ലഭിക്കേണ്ട അടിസ്ഥാന അറിവ് ലഭിച്ചുവെന്ന് ഉറപ്പുവരുത്തുന്നു. പ്രത്യേക പഠനപിന്തുണയും സഹായങ്ങളും ആവശ്യമായ കുട്ടികൾക്ക് ആവശ്യമായ പരിഹാര ബോധനം നൽകുന്നു. മൾട്ടിമീഡിയ ഉപയോഗിച്ച് പഠനപ്രക്രിയ രസകരമാക്കുന്നു.

- വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്കു പുറമെ കല,കായിക, പ്രവർത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു. ക്ലാസ് റൂം അക്കാദമിക പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് പ്രതിമാസ കലണ്ടർ തയ്യാറാക്കി ദിനാചരണങ്ങൾ, കലാകായിക, പ്രവർത്തിപരിചയ പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമാക്കുന്നു. സ്കൂൾ അസംബ്ലിയിൽ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുന്നു.

- വിദ്യാലയത്തിലെ പഠനപിന്തുണാസംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. എല്ലാ കുട്ടികൾക്കും ലൈബ്രറി വിവിധ

വിഷയങ്ങൾ അടിസ്ഥാനമാക്കി സ്കൂൾ ക്വിസ് എന്നിവ എല്ലാ ദിവസങ്ങളിലും പരിശീലിപ്പിക്കുന്നു. ICT സാധ്യത പ്രയോജനപ്പെടുത്തി പഠനം രസകരമാക്കുന്നു. ക്ലാസ്റൂം ലൈബ്രറി നിർമ്മിക്കുന്നു. ലബോറട്ടറി പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ ശാസ്ത്ര കൗതുകം വളർത്തിയെടുക്കുന്നു. ശാസ്ത്രസാങ്കേതിക ഉപകരണങ്ങൾ നിർമ്മിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പാഠ്യപാഠ്യേതര വിഷയങ്ങളിൽ പ്രത്യേക പരിഗണന നൽകി പഠന സഹായവും, പഠനപിന്തുണയും നൽകുന്നു.

- സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ, ഉദ്യാനം, മൈതാനം....) എന്നിവ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർത്ഥികൾക്കൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു. വിഷരഹിതവും പോഷകസമ്പുഷ്ടവുമായ ജൈവപച്ചക്കറികൾ ഉച്ചഭക്ഷണത്തിന് ഉപയോഗിക്കുന്നു. വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ പി.ടി.എ കമ്മിറ്റിയുടെ സഹകരണത്തോടെ ജൈവപച്ചക്കറിത്തോട്ടം നട്ടുപിടിപ്പിച്ച് പരിപാലിക്കുന്നു. സ്പോർട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിദ്യാലയാങ്കണത്തിൽ രാവിലെയും വൈകുന്നേരവും പ്രത്യേക പരിശീലനങ്ങൾ നൽകുന്നു. വിദ്യാലയാങ്കണത്തിൽ ശലഭോദ്യാനം നിർമ്മിക്കുന്നു. SCOUT & GUIDES, JRC, LITTLE KITES എന്നീ സംഘടകളുടെയും വിവിധ ക്ലബ്ബുകളുടെയും പ്രവർത്തനം ഊർജ്ജിതമാക്കുന്നു.

- ഓരോ അധ്യാപകരും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു. മൾട്ടി മീഡിയ ഉപയോഗിച്ച് പഠനം ആസ്വാദ്യകരമാക്കുന്നു. ആഴ്ചയിലും മാസത്തിലും നിരന്തരമൂല്യ നിർണ്ണയം നടത്തി നിർദ്ദിഷ്ട പഠന നേട്ടം എല്ലാ വിദ്യാർത്ഥികൾക്കും ഉറപ്പുവരുത്തുന്നു. കുട്ടികളുടെ മികവുകളും കുറവുകളും കുട്ടിയേയും രക്ഷാകർത്താക്കളെയും ബോധ്യപ്പെടുത്തുന്നു. പഠനാനുഭവങ്ങൾ, മികവുകൾ എന്നിവ ക്ലാസ്സ് പി.ടി.എ യുടെ ഭാഗമാക്കുന്നു.

- വിദ്യാർത്ഥികളും അധ്യാപകരും തമ്മിലുള്ള പരസ്പര ബന്ധവും, സമൂഹവുമായുള്ള ബന്ധവും, ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. കുട്ടികൾക്ക് കൗൺസിലിംഗ്, മോട്ടിവേഷൻ ക്ലാസുകൾ എന്നിവ നൽകുന്നു. പി.ടി.എ. യുടെ സഹകരണത്തോടെ സ്കൂളിന് പ്രാദേശിക ഫണ്ട് ലഭിക്കുന്നതിനുള്ള ആശയവിനിമയത്തിലൂടെ സാധ്യമാക്കുന്നു. വിവിധ വകുപ്പുകൾ, ഏജൻസികൾ, സംഘടനകൾ, ക്ലബ്ബുകൾ, മുതലായവരുടെ സഹായ സഹകരണത്തോടെ വിദ്യാലയ വികസന പദ്ധതി രൂപീകരിക്കുന്നു. പൊതു പി.ടി.എ. ഭവന സന്ദർശനം എന്നീ പ്രവർത്തനങ്ങളിലൂടെ വദ്യാർത്ഥി അധ്യാപക- രക്ഷാകർത്യബന്ധം സുദൃഢമാക്കുന്നു.

- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. പഠന ബോധന പ്രവർത്തനങ്ങളിൽ സാമൂഹിക - സാമ്പത്തിക സാംസ്കാരിക വ്യത്യാസങ്ങളില്ലാതെ ഭിന്നശേഷിക്കാരായ കുട്ടികളെക്കൂടി ഉൾപ്പെടുത്തുന്ന രീതിയിൽ വിദ്യാമൃതം പദ്ധതിയിലൂടെ വിഷ്വൽ ഓഡിറ്ററി, കൈനസ്തെറ്റിക് അനുഭവങ്ങൾ പകരുന്ന

ഒരു പഠനരീതിയാണ് ആസൂത്രണം ചെയ്യുന്നത്. കുട്ടികൾക്ക് ആത്മവിശ്വാസം വളർത്തുന്നതിനായി മൈക്രോടീച്ചറിംഗ് ഏർപ്പെടുത്തുന്നു.

- ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാക്കുന്ന തരത്തിൽ വിദ്യാലയം സജ്ജമാക്കുന്നു. DEO, AEO, BRC തുടങ്ങിയ ഏജൻസികളിൽ നിന്നും ലഭ്യമാവുന്ന വിദ്യാഭ്യാസ പദ്ധതികൾ പൂർത്തീകരിക്കുന്നു. സ്റ്റെപ്സ്, യോദ്ധാവ് ലഹരിവിരുദ്ധ കർമ്മ പരിപാടി, RBSK ബോധവൽക്കരണം, വിദ്യാകിരണം, ഗിഫ്റ്റഡ് ചിൽഡ്രൻ, ശാസ്ത്രരംഗം, തുടങ്ങിയ വിവിധ വിഷയാടിസ്ഥാനത്തിലുള്ള പദ്ധതികളിൽ കുട്ടികൾക്ക് പ്രത്യേക പരിശീലനങ്ങൾ നൽകുന്നു. കുട്ടികളുടെ പഠനപിന്നോക്കാവസ്ഥയ്ക്ക് കാരണം കണ്ടെത്തി ഇടവേള സമയങ്ങൾ കണ്ടെത്തി വിഷയാടിസ്ഥാനത്തിൽ മൈക്രോടീച്ചറിംഗ് നൽകുന്നു. ചിട്ടയായ ടൈംടേബിൾ നൽകി നിരന്തര വിലയിരുത്തലുകൾ നടത്തി ഓൺലൈൻ, ഓഫ്ലൈൻ ക്ലാസുകളിലൂടെ പഠനപുരോഗതി കൈവരിക്കുന്നു. അധ്യാപകർ കുട്ടികളുടെ ഭവനങ്ങൾ സന്ദർശിച്ച് സംരക്ഷണവും ശ്രദ്ധയും ആത്മവിശ്വാസവും ഉറപ്പുവരുത്തുന്നു. പൊതുവായ അച്ചടക്കം നിലനിർത്തുന്നതിനായി കൃത്യമായ മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നു. അച്ചടക്കരഹിതമായ രീതികൾ ഉണ്ടായാൽ മാതാപിതാക്കളെ അറിയിച്ച് നല്ല പെരുമാറ്റശീലത്തെക്കുറിച്ച് ബോധ്യം നൽകുന്നു. ക്ലാസ് ടീച്ചേഴ്സിന്റെ നേതൃത്വത്തിൽ എല്ലാ ആഴ്ചയിലും അസംബ്ലി, ഡ്രൈഡേ, ആർട്സ് ഡേ, ലൈബ്രറി റീഡിംഗ് എന്നിവ പരിശീലിപ്പിക്കുന്നു.

<table>
<tr><th>2025 - 26<br>കുട്ടികളുടെ എണ്ണം</th><th>2025 - 26<br>അദ്ധ്യാപകരുടെ എണ്ണം</th><th colspan="2">2025 - 26<br>SSLC Result</th></tr>
<tr><td rowspan="4">ആൺ 128<br>പെൺ 84<br>ആകെ 212</td><td rowspan="2">13</td><td>പരീക്ഷ എഴുതിയ കുട്ടികൾ</td><td>72</td></tr>
<tr><td>വിജയിച്ച കുട്ടികൾ</td><td>72</td></tr>
<tr><td>അനദ്ധ്യാപകരുടെ എണ്ണം</td><td>Full A+</td><td>11</td></tr>
<tr><td>4</td><td>വിജയ ശതമാനം</td><td>100%</td></tr>
</table>

# അവസ്ഥാ പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ

ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന തോക്കുപാറ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽ 8-ാം ക്ലാസുമുതൽ 10-ാം ക്ലാസുവരെ 212 കുട്ടികൾ പഠിക്കുന്നു. ഓരോ കുട്ടിയേയും വ്യക്തിപരമായി അറിയുകയും വളർത്തുകയും ചെയ്യുന്നു. ദിനാചരണങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ, ഭവനസന്ദർശനങ്ങൾ, ഉച്ചഭക്ഷണ പരിപാടികൾ, സ്കൂൾ പാർലമെന്റ് പ്രവർത്തനങ്ങൾ, ശുചിത്വ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ലാബ്, ലൈബ്രറി പ്രവർത്തനങ്ങൾ, ജീവിതദർശനപ്രവർത്തനങ്ങൾ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, എന്നിവ വിജയകരമായി നടത്തുവാൻ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. സുദൃഢമായ അധ്യാപക - വിദ്യാർത്ഥി ബന്ധങ്ങൾ, തികഞ്ഞ ആത്മാർത്ഥതയും അർപ്പണ ബോധത്തോടെയുള്ള പ്രവർത്തനങ്ങൾ നിമിത്തം പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം വിജയകരമായി പൂർത്തീകരിക്കുവാൻ വിദ്യാലയത്തിനു സാധിച്ചു. വിദ്യാലയമികവ് പൊതുജനസമക്ഷം സമർപ്പിക്കയും ചെയ്തു. സ്കൂൾ മാനേജ്മെന്റ്, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, പി.ടി.എ, പ്രദേശവാസികൾ എന്നിവരുടെ സഹായ സഹകരണത്തിലൂടെ വിദ്യാലയത്തിന് ഓരോ വിദ്യാർത്ഥിക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുവാൻ സാധിച്ചു. കഴിഞ്ഞ വർഷക്കാലങ്ങളിൽ വിദ്യാലയത്തിന് സമഗ്ര പുരോഗതി കൈവരിക്കുവാൻ പൂർണ്ണമായും സാധിച്ചിട്ടുണ്ട്.

അക്കാദമികതലം, ഭൗതീകതലം, സാമൂഹികതലം എന്നീ മേഖലകളിൽ വികസനം സാധ്യമായതുമൂലം വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറി. കാലാനുസൃതമായ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് ഓരോ വിദ്യാർത്ഥിയും ഉന്നത ലക്ഷ്യങ്ങളിലേയ്ക്ക് എത്തിക്കത്തക്കവിധത്തിലുള്ള പരിശീലനം നൽകുന്നതിനായി ഹൈസ്കൂളിലെ ക്ലാസുകൾ സ്മാർട്ട് ക്ലാസ് റൂമാക്കിമാറ്റി പ്രക്രിയബന്ധിതമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ, ഗവേഷണാത്മകമായ കണ്ടെത്തലുകൾ എന്നിവ വിദ്യാർത്ഥികളെ സ്മാർട്ടാക്കിത്തീർക്കുന്നു. ജൈവവൈവിധ്യ പ്രവർത്തനങ്ങളിലൂടെ ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുവാൻ സാധിച്ചു.

പത്താം ക്ലാസിലെ കുട്ടികൾക്ക് 100% റിസൾട്ട് നിലനിർത്തുവാൻ സ്കൂളിനു സാധിച്ചു. NMMS സ്കോൾഷിപ്പുകൾ, ശാസ്ത്രമേളകൾ, കലാമേള, വർക്ക് എക്സ്പീരിയൻസ്, സ്പോർട്സ് തുടങ്ങിയ മത്സരങ്ങളിൽ ഉപജില്ല, ജില്ല, സംസ്ഥാനതല അവാർഡുകൾ ലഭിക്കുകയുണ്ടായി. ശാസ്ത്രപ്രതിഭാമത്സരത്തിലെ വിജയം, CAT വിദ്യാർത്ഥികൾക്കും കെ.സി.എസ്.എൽ. വിദ്യാർത്ഥികൾക്കും രൂപതാതലത്തിൽ ലഭിച്ച വിജയം, SCOUT & GUIDE, JRC, LITTLE KITES കുട്ടികളുടെ വിജയം, അടിമാലി ഉപജില്ലാ തലത്തിൽ ലഭിച്ച വിജയം, വിദ്യാരംഗംകലാസാഹിത്യവേദി ഉപ/ജില്ലാതലം വിജയം മുതലായ വിദ്യാലയമികവിന് കൂടുതൽ ചാരുതയേകുന്നു.

# പ്രശ്നങ്ങളും അവയുടെ കാരണങ്ങളും

നേട്ടങ്ങളുടെ പട്ടികയിൽ വിദ്യാലയം മുൻനിരയിലാണെങ്കിലും പരിഹരിക്കപ്പെടേണ്ട ചില പരിമിതികളുണ്ട്. കായിക രംഗത്ത് പുരോഗതി പ്രാപിക്കുന്നതിനായുള്ള പരിശീലനം നടത്തുന്നതിന് കളിസ്ഥലം അനിവാര്യമാണ്. വിനോദത്തിനായി ഒരു ചിൽഡ്രൻസ് പാർക്ക് വിദ്യാലയം ആഗ്രഹിക്കുന്നു. കൂടുതൽ സൗകര്യങ്ങളോടു കൂടിയ ലൈബ്രറിയും ഡൈനിംഗ് ഹാളും ടോയ്ലറ്റ് സംവിധാനങ്ങളും ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ചുറ്റുമതിലും സ്കൂൾ ഗേറ്റും ചിരകാല സ്വപ്നമാണ്. പിന്നോക്ക പ്രദേശമായതിനാൽ ഫണ്ടുകളുടെ അപര്യാപ്തത മൂലം അക്കാദമികവും ഭൗതീകവുമായ മേഖലകളിൽ ആവശ്യമായ ആധുനിക സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ കഴിയാതെ വന്നിരിക്കുന്നു. ഗവൺമെന്റു തലത്തിൽ നിന്നും അനുകൂലമായ നടപടികൾ ഉണ്ടായാൽ ഈ പരിമിതികളെ മറികടക്കാൻ സാധിക്കുമെന്നതിൽ സംശയമില്ല.

സ്കൂൾ തലത്തിൽ നടത്തപ്പെട്ട അടിസ്ഥാന അറിവ് പരിശോധന ഫലത്തിന്റെ കണ്ടെത്തലിൽ ഓരോ വിദ്യാർത്ഥിയും വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പിന്നോക്കം നിൽക്കുന്നതായി കണ്ടെത്തി. ഈ പ്രതിസന്ധി മറികടക്കാൻ നിരവധി പദ്ധതികൾ തയ്യാറാക്കി നടപ്പിൽ വരുത്തി. തോട്ടം മേഖലയായതിനാൽ തൊഴിലാളികളും കുട്ടികളും വളരെയധികം ദാരിദ്ര്യം അനുഭവിക്കുന്നു. ഭവനരഹിതരും, സാമ്പത്തിക പിന്നോക്കം നിൽക്കുന്നവരുമാണ് പ്രദേശവാസികൾ. മാതാപിതാക്കളുടെ ലഹരി ഉപയോഗം, രക്ഷിതാക്കളുടെ നിരക്ഷര അവസ്ഥ, മാതാപിതാക്കൾ വേർപിരിഞ്ഞ കുടുംബാന്തരീക്ഷം, ലഹരിവസ്തുക്കളുടെ ലഭ്യത, ചികിത്സ സൗകര്യങ്ങളുടെ കുറവ്, രക്ഷിതാക്കളുടെ അമിത ശിക്ഷയും, വാത്സല്യവും, തമിഴ് കുട്ടികൾക്ക് മലയാളം ഗ്രഹിക്കുവാനുള്ള ബുദ്ധിമുട്ട് എന്നിവ പ്രധാന പ്രതിസന്ധികളാകുന്നു. 95% കുട്ടികളും മലയാളം ഭാഷാരീതി അക്ഷരജ്ഞാനം ഉള്ളവരാണ് എന്നാൽ ഉച്ചാരണവൈകല്യങ്ങളുള്ള കുട്ടികൾ ധാരാളമുണ്ട്.

# പ്രശ്നങ്ങൾ മുൻഗണനാ ക്രമത്തിൽ

1. 20 % കുട്ടികളും അടിസ്ഥാനശേഷി പഠനപ്രക്രീയയിൽ പിന്നോക്കം നിൽക്കുന്നു.
2. 70% കുട്ടികൾക്കും വ്യക്തമായ പഠനരീതിയോ, ചിട്ടയായ പഠനക്രമമോ ഇല്ല.
3. മാതാപിതാക്കൾക്ക് കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധിക്കുന്നില്ല.
4. 80% കുട്ടികളും മൊബൈൽ, ടി.വി. എന്നീ ഉപകരണങ്ങൾ വിനോദങ്ങൾക്കായി ഉപയോഗിക്കുന്നു.
5. കൗമാര പ്രശ്നങ്ങൾ, മോശമായ കൂട്ടുകാർ, കെട്ടുറപ്പില്ലാത്ത കുടുംബപശ്ചാത്തലം, മാതാപിതാക്കളുടെ വഴക്ക് എന്നിവ കുട്ടികളുടെ പഠനസാഹചര്യങ്ങളെ ഏറെ തടസ്സപ്പെടുത്തുന്നു.
6. 20% കുട്ടികളും ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവരാണ്.
7. മാതാപിതാക്കൾ നിർദ്ദേശിക്കുന്ന ധാർമിക മൂല്യങ്ങൾ കുട്ടികൾ അനുസരിക്കുന്നില്ല.

# വിഷയാധിഷ്ഠിത പ്രവർത്തനങ്ങൾ

**ക്ലാസ്: 8,9,10** **മേഖല: അക്കാദമികം** **ഉപമേഖല: മലയാളം**

| ക്രമ നമ്പർ | പ്രവർത്തനം | ധനവിനിയോഗം | നടത്തിപ്പു ചുമതല | കാലയളവ് | നേട്ടങ്ങൾ |
|---|---|---|---|---|---|
| 1. | പഠനനില കണ്ടെത്തൽ, പ്രീ ടെസ്റ്റ് , മാർക്ക് വിശകലനം, മികവുകളും പരിമിതികളും കണ്ടെത്തുന്നു. കളം സാധ്യത പ്രയോജനപ്പെടുത്തുന്നു. പഠന പിൻതുണ നൽകുന്നു. | 500 | മലയാളം അധ്യാപകർ ബി. ആർ. സി. | ജൂൺ | കുട്ടികൾ മലയാള ഭാഷ ഫലപ്രദമായി ഉപയോഗിക്കാനുള്ള ശേഷി വികസിപ്പിക്കുന്നു. |
| 2. | പഠന പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് ശേഖരിക്കൽ, തയ്യാറാക്കൽ. വായനാ മത്സരം, | 1000 | മലയാളം അധ്യാപകർ HM, B.R.C. | ജൂലൈ | കളികളിലൂടെ കുട്ടികൾ അക്ഷരം ഉറപ്പിക്കുന്നു. |
| 3. | പകർത്തിയെഴുത്ത്, പത്രവായന, കേട്ടെഴുത്ത് പഠനവിടവ് പരിഹരിക്കൽ. | 500 | മലയാളം അധ്യാപകർ B.R.C. | ആഗസ്റ്റ് | മലയാള ഭാഷാ പ്രയോഗത്തിന്റെ അനന്തസാധ്യതകൾ തിരിച്ചറിയുന്നു. |
| 4. | പുസ്തക ശാല- ലൈബ്രറി പുസ്തകങ്ങൾ കഥ, കവിത, നാടകം, സിനിമ, ഉപന്യാസം എന്നിവ രചിക്കുന്നു. | 5000 | മലയാളം അധ്യാപകർ HM, B.R.C. | ജൂലൈ- ഫെബ്രുവരി | ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ലൈബ്രറി |
| 5. | സാഹിത്യ ശില്പശാല - കഥയരങ്ങ് - കവിതയരങ്ങ് - നാടക പരിശീലനം - പ്രസംഗ പരിശീലനം - വായനാമുറി, ക്ലബ് പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ | 5000 | മലയാളം അധ്യാപകർ HM, B.R.C. വിദ്യാരംഗം കോർഡിനേറ്റർ | ജൂലൈ- ഫെബ്രുവരി | സർഗ്ഗാത്മക സൃഷ്ടികൾ, കഴിവുകൾ എന്നിവ പ്രദർശിപ്പിക്കുന്നു. |

| ക്രമ നമ്പർ | പ്രവർത്തനം | ധനവിനിയോഗം | നടത്തിപ്പു ചുമതല | കാലയളവ് | നേട്ടങ്ങൾ |
|---|---|---|---|---|---|
| 6. | കൈയ്യെഴുത്തു മാസിക, ആസ്വാദനക്കുറിപ്പ്, പതിപ്പുകൾ, കഥാപാത്രനിരൂപണം, സംവാദം ജീവചരിത്ര കുറിപ്പ്എന്നിവ വിലയിരുത്തൽ | 500 | മലയാളം അധ്യാപകർ<br>B.R.C. | ജൂൺ - ഫെബ്രുവരി | മലയാള ഭാഷയിലെ വാക്യപ്രയോഗങ്ങൾ, ചമൽകാര ഭംഗി എന്നിവ കണ്ടെത്തുന്നു പ്രയോഗിക്കുന്നു, പ്രതിഭകളെ കണ്ടെത്തുന്നു. ഭാഷാശേഷി വികസിപ്പിക്കുന്നു. |
| 7. | മൂല്യനിർണ്ണയങ്ങൾ - മാസപരീക്ഷ, മിഡ്-ടേം പരീക്ഷ, ഒന്നാം ടേം പരീക്ഷ, രണ്ടാം മിഡ്-ടേം പരീക്ഷ, രണ്ടാം ടേം പരീക്ഷ, വാർഷിക മൂല്യനിർണ്ണയം, ക്ലാസ് പി.ടി.എ. | 500 | മലയാളം അധ്യാപകർ<br>HM, B.R.C., SSK PTA | ജൂൺ - മാർച്ച് | പരീക്ഷ പരിശീലനങ്ങളിലൂടെ മികവ് കണ്ടെത്തുന്നു.പഠന പ്രശ്നങ്ങൾ പരിഹരിക്കുന്നു. |
| 8. | ചുവർ പത്രിക, വായനാ കാർഡ്, കൊളാഷ്, സ്കൂൾ പത്രം എന്നിവ തയ്യാറാക്കുന്നു. | 500 | മലയാളം അധ്യാപകർ<br>HM, B.R.C., PTA | ജൂൺ - മാർച്ച് | കുട്ടികളുടെ വിവിധ രചനകളിലൂടെ, വിവിധ സൃഷ്ടികൾ പ്രദർശിപ്പിക്കുന്നു, പ്രതിഭകളെ വളർത്തിയെടുക്കുന്നു. |
| 9. | സാഹിത്യകാരെ ക്ഷണിക്കുന്നു, സ്കൂൾ ബ്ലോഗിലൂടെ വിവിധ പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കുന്നു. | 5000 | മലയാളം അധ്യാപകർ<br>HM, B.R.C., PTA | ജൂൺ - മാർച്ച് | പഞ്ചായത്ത് ഭരണസമിതിയുടെ സഹകരണത്തോടെ സാഹിത്യകാരെ ക്ഷണിക്കുകയും കുട്ടികളുട രചനകൾ സ്കൂൾ ബ്ലോഗിലൂടെ പ്രസിദ്ധീകരിക്കുന്നു |

# വിഷയാധിഷ്ഠിത പ്രവർത്തനങ്ങൾ

**ക്ലാസ്: 8,9,10** **മേഖല: അക്കാദമികം** **ഉപമേഖല: ഇംഗ്ലീഷ്**

| ക്രമ നമ്പർ | പ്രവർത്തനം | ധനവിനിയോഗം | നടത്തിപ്പു ചുമതല | കാലയളവ് | നേട്ടങ്ങൾ |
|---|---|---|---|---|---|
| 1. | പഠനനില കണ്ടെത്തൽ, പ്രീ ടെസ്റ്റ് , മാർക്ക് വിശകലനം, മികവുകളും പരിമിതികളും കണ്ടെത്തുന്നു. ICT സാധ്യത പ്രയോജനപ്പെടുത്തുന്നു. പഠന പിൻതുണ നൽകുന്നു. | 500 | ഇംഗ്ലീഷ് അധ്യാപകർ ബി. ആർ. സി. | ജൂൺ | കുട്ടികൾ ഇംഗ്ലീഷ് ഭാഷ ഭലപ്രദമായി ഉപയോഗിക്കാനുള്ള ശേഷി വികസിപ്പിക്കുന്നു. |
| 2. | പഠന പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് ശേഖരിക്കൽ, തയ്യാറാക്കൽ. വായനാ മത്സരം, ഈസി ഇംഗ്ലീഷ് പദ്ധതി | 1000 | ഇംഗ്ലീഷ് അധ്യാപകർ HM, B.R.C. | ജൂലൈ | കളികളിലൂടെ കുട്ടികൾ അക്ഷരം ഉറപ്പിക്കുന്നു. |
| 3. | പകർത്തിയെഴുത്ത്, പത്രവായന, കേട്ടെഴുത്ത് പഠനവിടവ് പരിഹരിക്കൽ, ഇംഗ്ലീഷ് അസംബ്ലി, ക്ലബ് പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ | 500 | ഇംഗ്ലീഷ് അധ്യാപകർ B.R.C. | ആഗസ്റ്റ് | ഇംഗ്ലീഷ് ഭാഷാ പ്രയോഗത്തിന്റെ അനന്തസാധ്യതകൾ തിരിച്ചറിയുന്നു. |
| 4. | പുസ്തക ശാല- ലൈബ്രറി പുസ്തകങ്ങൾ കഥ, കവിത, നാടകം, സിനിമ, ഉപന്യാസം എന്നിവ രചിക്കുന്നു. | 5000 | ഇംഗ്ലീഷ് അധ്യാപകർ HM, B.R.C. | ജൂലൈ- ഫെബ്രുവരി | ആധുനിക സജീകരണങ്ങളോടു കൂടിയ ലൈബ്രറി |
| 5. | സാഹിത്യ ശില്പശാല - കഥയരങ്ങ് - കവിതയരങ്ങ് - നാടക പരിശീലനം - പ്രസംഗ പരിശീലനം - വായനാമുറി. | 5000 | ഇംഗ്ലീഷ് അധ്യാപകർ HM, B.R.C. | ജൂലൈ- ഫെബ്രുവരി | സർഗ്ഗാത്മക സൃഷ്ടികൾ, കഴിവുകൾ എന്നിവ പ്രദർശിപ്പിക്കുന്നു. |

| ക്രമ നമ്പർ | പ്രവർത്തനം | ധനവിനിയോഗം | നടത്തിപ്പു ചുമതല | കാലയളവ് | നേട്ടങ്ങൾ |
|---|---|---|---|---|---|
| 6. | കൈയ്യെഴുത്തു മാസിക, ആസ്വാദനക്കുറിപ്പ്, പതിപ്പുകൾ, കഥാപാത്രനിരൂപണം, സംവാദം ജീവചരിത്രക്കുറിപ്പ് എന്നിവ വിലയിരുത്തൽ | 500 | ഇംഗ്ലീഷ് അധ്യാപകർ B.R.C. | ജൂൺ - ഫെബ്രുവരി | ഇംഗ്ലീഷ് ഭാഷയിലെ വാക്യ പ്രയോഗങ്ങൾ, ചമൽകാര ഭംഗി എന്നിവ കണ്ടെത്തുന്നു പ്രയോഗിക്കുന്നു, പ്രതിഭ കളെ കണ്ടെത്തുന്നു. ഭാഷാ ശേഷി വികസിപ്പിക്കുന്നു. |
| 7. | മൂല്യനിർണ്ണയങ്ങൾ - മാസപ്പരീക്ഷ, മിഡ് - ടേം പരീക്ഷ, ഒന്നാം ടേം പരീക്ഷ, രണ്ടാം മിഡ് - ടേം പരീക്ഷ, രണ്ടാം ടേം പരീക്ഷ, വാർഷിക മൂല്യനിർണ്ണയം, ക്ലാസ് പി.ടി.എ. | 500 | ഇംഗ്ലീഷ് അധ്യാപകർ HM, B.R.C., SSK PTA | ജൂൺ - മാർച്ച് | പരീക്ഷ പരിശീലന ങ്ങളിലൂടെ മികവ് കണ്ടെ ത്തുന്നു. പഠന പ്രശ്നങ്ങൾ പരിഹരിക്കുന്നു. |
| 8. | ചുവർ പത്രിക, വായനാ കാർഡ്, കൊളാഷ്, സ്കൂൾ പത്രം എന്നിവ തയ്യാറാക്കുന്നു. | 500 | ഇംഗ്ലീഷ് അധ്യാപകർ HM, B.R.C., PTA | ജൂൺ - മാർച്ച് | കുട്ടികളുടെ വിവിധ രചന കളിലൂടെ, വിവിധ സൃഷ്ടി കൾ പ്രദർശിപ്പിക്കുന്നു, പ്രതിഭകളെ വളർത്തിയെടു ക്കുന്നു. |
| 9. | സാഹിത്യകാരെ ക്ഷണിക്കുന്നു, സ്കൂൾ ബ്ലോഗിലൂടെ വിവിധ പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കുന്നു. | 5000 | ഇംഗ്ലീഷ് അധ്യാപകർ HM, B.R.C., PTA | ജൂൺ - മാർച്ച് | പഞ്ചായത്ത് ഭരണസമിതി യുടെ സഹകരണത്തോടെ സാഹിത്യകാരെ ക്ഷണിക്കു കയും കുട്ടികളുട രചനകൾ സ്കൂൾ ബ്ലോഗിലൂടെ പ്രസി ദ്ധീകരിക്കുന്നു |

# വിഷയാധിഷ്ഠിത പ്രവർത്തനങ്ങൾ

**ക്ലാസ്: 8,9,10** **മേഖല: അക്കാദമികം** **ഉപമേഖല: ഹിന്ദി**

| ക്രമ നമ്പർ | പ്രവർത്തനം | ധനവിനിയോഗം | നടത്തിപ്പു ചുമതല | കാലയളവ് | നേട്ടങ്ങൾ |
|---|---|---|---|---|---|
| 1. | പഠനനില കണ്ടെത്തൽ, പ്രീ ടെസ്റ്റ് , മാർക്ക് വിശകലനം, മികവുകളും പരിമിതികളും കണ്ടെത്തുന്നു. കളം സാധ്യത പ്രയോജനപ്പെടുത്തുന്നു. പഠന പിൻതുണ നൽകുന്നു, പഠന വിടവ് പരിഹരിക്കുന്നു. | 500 | ഹിന്ദി അധ്യാപകർ B.R.C., S.S.K. HM | ജൂൺ | കുട്ടികൾ ഹിന്ദി ഭാഷ ഫലപ്രദമായി ഉപയോഗിക്കാനുള്ള ശേഷി വികസിപ്പിക്കുന്നു. പഠന പ്രശ്നങ്ങൾ പരിഹരിക്കുന്നു. |
| 2. | പഠന പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് ശേഖരിക്കൽ, തയ്യാറാക്കൽ. വായനാ മത്സരം, പത്രവായന, കേട്ടെഴുത്ത്, പകർത്തിയെഴുത്ത്, | 1000 | ഹിന്ദി അധ്യാപകർ HM, B.R.C. | ജൂലൈ | കളികളിലൂടെ കുട്ടികൾ അക്ഷരം ഉറപ്പിക്കുന്നു. |
| 3. | ഹിന്ദി അസംബ്ലി, ഹിന്ദി ഡയറി, കൈയെഴുത്തു മാസിക, ആസ്വാദനക്കുറിപ്പ്, പതിപ്പുകൾ, ദിനാചരണങ്ങൾ, കഥാപാത്രനിരൂപണം, ജീവചരിത്ര കുറിപ്പ് | 500 | ഹിന്ദി അധ്യാപകർ B.R.C., PTA | ആഗസ്റ്റ് | ഹിന്ദി ഭാഷാ പ്രയോഗത്തിന്റെ അനന്തസാധ്യതകൾ തിരിച്ചറിയുന്നു. |
| 4. | പുസ്തക ശാല- ലൈബ്രറി പുസ്തകങ്ങൾ കഥ, കവിത, നാടകം, സിനിമ, ഉപന്യാസം, എന്നിവ രചിക്കുന്നു. | 5000 | ഹിന്ദി അധ്യാപകർ HM, B.R.C. | ജൂലൈ- ഫെബ്രുവരി | ആധുനിക സജീകരണങ്ങളോടു കൂടിയ ലൈബ്രറി |
| 5. | സാഹിത്യ ശില്പശാല - കഥയരങ്ങ് - കവിതയരങ്ങ് - പ്രസംഗ പരിശീലനം - വായനാമുറി, ക്ലബ് പ്രവർത്തനങ്ങൾ. | 5000 | ഹിന്ദി അധ്യാപകർ HM, B.R.C., PTA | ജൂലൈ- ഫെബ്രുവരി | സർഗ്ഗാത്മക സൃഷ്ടികൾ, കഴിവുകൾ എന്നിവ പ്രദർശിപ്പിക്കുന്നു. |
| 6. | മൂല്യനിർണ്ണയങ്ങൾ - മാസപരീക്ഷ, മിഡ്-ടേം പരീക്ഷ, ഒന്നാം ടേം പരീക്ഷ, രണ്ടാം മിഡ്-ടേം പരീക്ഷ, രണ്ടാം ടേം പരീക്ഷ, വാർഷിക മൂല്യനിർണ്ണയം, ക്ലാസ് പി.ടി.എ. | 500 | ഹിന്ദി അധ്യാപകർ B.R.C., S.S.K. HM, PTA | ജൂൺ- മാർച്ച് | പരീക്ഷ പരിശീലനങ്ങളിലൂടെ മികവ് കണ്ടെത്തുന്നു. പഠന പ്രശ്നങ്ങൾ പരിഹരിക്കുന്നു. |

# വിഷയാധിഷ്ഠിത പ്രവർത്തനങ്ങൾ

**ക്ലാസ്: ,8,9,10** **മേഖല: അക്കാദമികം** **ഉപമേഖല: സയൻസ്**

| ക്രമ നമ്പർ | പ്രവർത്തനം | ധനവിനിയോഗം | നടത്തിപ്പു ചുമതല | കാലയളവ് | നേട്ടങ്ങൾ |
|---|---|---|---|---|---|
| 1. | പഠനനില കണ്ടെത്തൽ, പ്രീ ടെസ്റ്റ് , മാർക്ക് വിശകലനം, മികവുകളും പരിമിതികളും കണ്ടെത്തുന്നു. കളം സാധ്യത പ്രയോജനപ്പെടുത്തുന്നു. പഠന പിൻതുണ നൽകുന്നു. | 500 | സയൻസ് അധ്യാപകർ B.R.C., S.S.K. HM | ജൂൺ | കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തുന്നു. ശാസ്ത്ര വിഷയങ്ങൾ തിരിച്ചറിയുന്നു. |
| 2. | പരീക്ഷണങ്ങൾ, ചർച്ചകൾ, വർക്ക് ഷീറ്റ് പൂർത്തീകരണം എന്നിവയിലൂടെ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നു, നിഗമനങ്ങൾ രൂപീകരിക്കുന്നു, നിരീക്ഷണപാടവം വിലയിരുത്തുന്നു | 1000 | സയൻസ് അധ്യാപകർ HM, B.R.C. | ജൂലൈ | ശാസ്ത്ര വിഷയങ്ങൾ ഓരോന്നും ആഴത്തിൽ പരീക്ഷണ - നിരീക്ഷണങ്ങളിലൂടെ കണ്ടെത്തുന്നു. |
| 3. | പഠനപിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു. സെമിനാർ, അസൈൻമെന്റ്, പ്രൊജക്ട്, ക്വിസ്, വർക്കിംഗ് മോഡൽ, സ്റ്റിൽ മോഡൽ, ക്ലബ് പ്രവർത്തനങ്ങൾ | 5000 | സയൻസ് അധ്യാപകർ HM, PTA | ജൂൺ - നവംബർ | ശാസ്ത്ര ആഭിമുഖ്യം ജനിപ്പിക്കുകയും, വളർത്തുകയും, വിവിധ മത്സരങ്ങളിൽ പങ്കാളികളാവുകയും ചെയ്യുന്നു. |
| 4. | എക്സ്പെരിമെന്റൽ കിറ്റ്, മ്യൂസിയം, ഔഷധ സസ്യത്തോട്ടം, ലബോറട്ടറി, ലഹരി വിരുദ്ധ ബോധവൽക്കരണം, ജൈവ പച്ചക്കറിത്തോട്ടം, ദിനാചരണങ്ങൾ | 5000 | സയൻസ് അധ്യാപകർ HM, BRC, PTA | ജൂൺ - മാർച്ച് | ക്ലാസ് അടിസ്ഥാനത്തിൽ ശാസ്ത്ര വിഷയങ്ങൾ മനസിലാക്കുന്നു. |
| 6. | മൂല്യനിർണ്ണയങ്ങൾ - മാസപരീക്ഷ, മിഡ് - ടേം പരീക്ഷ, ഒന്നാം ടേം പരീക്ഷ, രണ്ടാം മിഡ് - ടേം പരീക്ഷ, രണ്ടാം ടേം പരീക്ഷ, വാർഷിക മൂല്യനിർണ്ണയം, ക്ലാസ് പി.ടി.എ. | 500 | സയൻസ് അധ്യാപകർ HM, BRC, SSK PTA | ജൂൺ - മാർച്ച് | പരീക്ഷ പരിശീലനങ്ങളിലൂടെ മികവ് കണ്ടെത്തുന്നു. പഠന പ്രശ്നങ്ങൾ പരിഹരിക്കുന്നു. |

# വിഷയാധിഷ്ഠിത പ്രവർത്തനങ്ങൾ

**ക്ലാസ്: 8,9,10** **മേഖല: അക്കാദമികം** **ഉപമേഖല: സാമൂഹ്യശാസ്ത്രം**

| ക്രമ നമ്പർ | പ്രവർത്തനം | ധനവിനിയോഗം | നടത്തിപ്പു ചുമതല | കാലയളവ് | നേട്ടങ്ങൾ |
|---|---|---|---|---|---|
| 1. | പഠനനില കണ്ടെത്തൽ, പ്രീ ടെസ്റ്റ് , മാർക്ക് വിശകലനം, മികവുകളും പരിമിതികളും കണ്ടെത്തുന്നു. ICT സാധ്യത പ്രയോജനപ്പെടുത്തുന്നു. പഠന പിൻതുണ നൽകുന്നു. | 500 | സാമൂഹ്യശാസ്ത്ര അധ്യാപകർ B.R.C., S.S.K. HM | ജൂൺ | കുട്ടികളിൽ സാമൂഹ്യ ജീവിത അവബോധം വളരുന്നു. |
| 2. | ജനാധിപത്യ ബോധം വളരുന്നതിനുള്ള പ്രവർത്തനങ്ങൾ, സ്കൂൾ പാർലമെന്റ്, മോക് പാർലമെന്റ് ലഹരിവിരുദ്ധ ബോധവൽക്കരണം, ക്ലബ് പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ | 1000 | സാമൂഹ്യശാസ്ത്ര അധ്യാപകർ HM, B.R.C. | ജൂലൈ | പ്രാദേശിക ചരിത്രം, കേരള ചരിത്രം, ഇന്ത്യ ചരിത്രം എന്നിവ കണ്ടെത്തുന്നു. വിവിധ ക്ലബ് പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നു. |
| 3. | പഠനപിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു. സെമിനാർ, അസൈൻമെന്റ്, പ്രൊജക്ട്, ക്വിസ്, വർക്കിംഗ് മോഡൽ, സ്റ്റിൽ മോഡൽ, നിയമപാഠം | 5000 | സാമൂഹ്യശാസ്ത്ര അധ്യാപകർ HM, PTA | ജൂൺ-നവംബർ | വിവിധ മത്സരങ്ങളിൽ പങ്കാളികളാകുന്നു, നിയമപാഠങ്ങൾ അറിയുന്നു. |
| 4. | മ്യൂസിയം, ലബോറട്ടറി, മഹാന്മാരുടെ ജീവചരിത്ര കുറിപ്പ്, സംവാദം, പഠനയാത്ര, വാനനിരീക്ഷണ കേന്ദ്രം, GK ക്ലബ്ബ് | 5000 | സാമൂഹ്യശാസ്ത്ര അധ്യാപകർ HM, BRC, PTA | ജൂൺ-മാർച്ച് | ക്ലാസ് അടിസ്ഥാനത്തിൽ സാമൂഹ്യശാസ്ത്ര വിഷയത്തിൽ അടിസ്ഥാന ശേഷികൾ വികസിക്കുന്നു. |
| 6. | മൂല്യനിർണ്ണയങ്ങൾ - മാസപരീക്ഷ, മിഡ്-ടേം പരീക്ഷ, ഒന്നാം ടേം പരീക്ഷ, രണ്ടാം മിഡ്-ടേം പരീക്ഷ, രണ്ടാം ടേം പരീക്ഷ, വാർഷിക മൂല്യനിർണ്ണയം, ക്ലാസ് പി.ടി.എ. | 500 | സാമൂഹ്യശാസ്ത്ര അധ്യാപകർ HM, BRC, SSK PTA | ജൂൺ-മാർച്ച് | പരീക്ഷ പരിശീലനങ്ങളിലൂടെ മികവ് കണ്ടെത്തുന്നു. പഠന പ്രശ്നങ്ങൾ പരിഹരിക്കുന്നു. |

# വിഷയാധിഷ്ഠിത പ്രവർത്തനങ്ങൾ

**ക്ലാസ്: 8,9,10** **മേഖല: അക്കാദമികം** **ഉപമേഖല: ഗണിതം**

| ക്രമ നമ്പർ | പ്രവർത്തനം | ധനവിനിയോഗം | നടത്തിപ്പു ചുമതല | കാലയളവ് | നേട്ടങ്ങൾ |
|---|---|---|---|---|---|
| 1. | പഠനനില കണ്ടെത്തൽ, പ്രീ ടെസ്റ്റ് , മാർക്ക് വിശകലനം, മികവുകളും പരിമിതികളും കണ്ടെത്തുന്നു. ICT സാധ്യത പ്രയോജനപ്പെടുത്തുന്നു. പഠന പിൻതുണ നൽകുന്നു. | 500 | ഗണിത അധ്യാപകർ B.R.C., S.S.K. HM | ജൂൺ | കുട്ടികളിൽ ഗണിത ക്രീയകൾ സ്വായത്തമാക്കുനനതിനുള്ള ശേഷി വികസിപ്പിക്കുന്നു. |
| 2. | ഗണിത പഠനം ലളിതമാണെന്ന് തിരിച്ചറിഞ്ഞ്, പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പാക്കേജ് തയ്യാറാക്കുന്നു. | 1000 | ഗണിത അധ്യാപകർ HM, B.R.C. | ജൂലൈ | ചതുഷ് ക്രീയകൾ സ്വായത്തമാക്കുന്നു. ഗണിത പഠനം ആസ്വാദ്യകരമാക്കുന്നു. |
| 3. | പഠനപിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു. ഗണിത ക്വിസ്, പസ്സിൽ, ഗെയിംസ്, ക്ലബ്ബ് പ്രവർത്തനങ്ങൾ അസൈൻമെന്റ്, പ്രൊജക്ട്, സ്റ്റിൽ മോഡൽ | 5000 | ഗണിത അധ്യാപകർ HM, PTA | ജൂൺ- നവംബർ | വിവിധ മത്സരങ്ങളിൽ പങ്കാളികളാകുന്നു, പ്രതിഭകളാകുന്നു. |
| 4. | ഗണിത ലാബ്, ഗണിത ശാസ്ത്രജ്ഞരുടെ ജീവചരിത്രം, മാത്സ് കിറ്റ്, വർക്ക് ഷീറ്റ്, ശില്പശാല, മാഗസിൻ. | 5000 | ഗണിത അധ്യാപകർ HM, BRC, PTA | ജൂൺ- മാർച്ച് | ക്ലാസ് അടിസ്ഥാനത്തിൽ ഗണിത ശേഷികൾ വികസിക്കുന്നു. |
| 6. | മൂല്യനിർണ്ണയങ്ങൾ - മാസപ്പരീക്ഷ, മിഡ്-ടേം പരീക്ഷ, ഒന്നാം ടേം പരീക്ഷ, രണ്ടാം മിഡ്-ടേം പരീക്ഷ, രണ്ടാം ടേം പരീക്ഷ, വാർഷിക മൂല്യനിർണ്ണയം, ക്ലാസ് പി.ടി.എ. | 500 | ഗണിത തഅധ്യാപകർ HM, BRC, SSK, PTA | ജൂൺ- മാർച്ച് | പരീക്ഷ പരിശീലനങ്ങളിലൂടെ മികവ് കണ്ടെത്തുന്നു. പഠന പ്രശ്നങ്ങൾ പരിഹരിക്കുന്നു. |

# വിഷയാധിഷ്ഠിത പ്രവർത്തനങ്ങൾ

**ക്ലാസ്: 8,9,10** **മേഖല: അക്കാദമികം** **ഉപമേഖല: കായികം**

| ക്രമ നമ്പർ | പ്രവർത്തനം | ധനവിനിയോഗം | നടത്തിപ്പു ചുമതല | കാലയളവ് | നേട്ടങ്ങൾ |
|---|---|---|---|---|---|
| 1. | കുട്ടികളുടെ കായിക ക്ഷമത പരിശോധിക്കുന്നു, ശാരീരിക ആരാഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നു. യോഗാപരിശീലനം. അസംബ്ലി കമാൻഡ്സ് പരിശീലനം | 1000 | കായിക അധ്യാപകർ HM | ജൂൺ | കുട്ടികളുടെ കായിക ക്ഷമത വളർത്തുന്നു, സമ്പൂർണ്ണ ആരോഗ്യം നേടുന്നു. അച്ചടക്കം പാലിക്കുന്നു. |
| 2. | ജില്ലാതല മത്സരങ്ങളിലേക്കു കുട്ടികളെ തെരഞ്ഞെടുക്കുന്നു, ജില്ലാ ടീമിന്റെ പരിശീലനം, സ്പോർട്സ് ക്ലബ്ബ് | 1000 | കായിക അധ്യാപകർ | ജൂലൈ- ആഗസ്റ്റ് | ആരോഗ്യകരമായ ജീവിത ശീലങ്ങളും മനോഭാവവും പരിപോഷിക്കുന്നു. |
| 3. | ജില്ലാതലഗെയിംസ് മത്സര പരിശീലനം, പ്രഥമ ശുശ്രൂഷ, ജില്ലാതല അത്‌ലറ്റിക് മത്സരങ്ങളുടെ പരിശീലനം, ആരോഗ്യകായികക്ഷമത പരിശോധന | 5000 | കായിക അധ്യാപകർ HM | സെപ്തംബർ- നവംബർ | കായിക മത്സരങ്ങളിൽ പങ്കാളികളാകുന്നു. വിജയം നേടുന്നു. |
| 4. | കായിക സുരക്ഷിതത്വം, ശാരീരിക ആരോഗ്യം നില നിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ ചർച്ച ചെയ്യുന്നു, കായിക താരങ്ങളുടെ ആൽബം തയ്യാറാക്കുന്നു. | 5000 | കായിക അധ്യാപകർ | ജൂൺ- മാർച്ച് | ക്ലാസ് അടിസ്ഥാനത്തിൽ കായിക ശേഷികൾ വികസിക്കുന്നു. |
| 5. | മൂല്യനിർണ്ണയങ്ങൾ - ഒന്നാം ടേം പരീക്ഷ, രണ്ടാം ടേം പരീക്ഷ, വാർഷിക മൂല്യനിർണ്ണയം, ക്ലാസ് പി.ടി.എ. | 500 | കായിക തഅധ്യാപകർ HM, PTA | ജൂൺ- മാർച്ച് | പരീക്ഷാപരിശീലനങ്ങളിലൂടെ മികവ് കണ്ടെത്തുന്നു. കായിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. |

# വിഷയാധിഷ്ഠിത പ്രവർത്തനങ്ങൾ

**ക്ലാസ്: 8,9,10** **മേഖല: അക്കാദമികം** **ഉപമേഖല: കലാവിദ്യാഭ്യാസം**

| ക്രമ നമ്പർ | പ്രവർത്തനം | ധനവിനിയോഗം | നടത്തിപ്പു ചുമതല | കാലയളവ് | നേട്ടങ്ങൾ |
|---|---|---|---|---|---|
| 1. | കുട്ടികളുടെ കലാഭിരുചി പരിശോധിക്കുന്നു, വളർത്തിയെടുക്കുന്നു, കലാക്ലബ്ബ് രൂപീകരണം, വിദ്യാരംഗം കലാസാഹിത്യവേദി രൂപീകരണം. | 1000 | കലാക്ലബ്ബ് കൺവീനർ, വിദ്യാരംഗം കൺവീനർ HM | ജൂൺ | കുട്ടികളിൽ കലാപരമായ കഴിവുകൾ വളരുന്നു, മാനസിക ഉല്ലാസം നേടുന്നു. |
| 2. | ജില്ലാതല മത്സരങ്ങളിലേക്കുള്ള കുട്ടികളെ തെരഞ്ഞെടുക്കുന്നു. വിവിധ മത്സരങ്ങളിൽ പരിശീലിപ്പിക്കുന്നു, രചനാ മത്സരങ്ങൾ, ഗാനം, നൃത്തം, etc.. | 5000 | കലാക്ലബ്ബ് കൺവീനർ, വിദ്യാരംഗം കൺവീനർ HM, BRC, PTA | ജൂലൈ | കുട്ടികളുടെ സർഗ്ഗാത്മക ശേഷി വികസിക്കുന്നു, വിവിധ മത്സരങ്ങളിൽ പങ്കാളികളാകുന്നു, മത്സര വിജയം നേടുന്നു. |
| 3. | കലാമത്സരങ്ങളിൽ പ്രതിഭകളായ വിദ്യാർത്ഥികൾക്ക് സ്കൂൾതലം, ജില്ലാതലം, സംസ്ഥാനതലം എന്നീ ക്രമത്തിൽ പ്രത്യേക പരിശീലനം **ICT** സാധ്യതയോടെ പരിശീലിപ്പിക്കുന്നു. | 5000 | കലാക്ലബ്ബ് കൺവീനർ, വിദ്യാരംഗം കൺവീനർ HM, BRC, PTA | ജൂൺ - നവംബർ | വിവിധ മത്സരങ്ങളിൽ പങ്കാളികളാകുന്നു, മത്സര വിജയം നേടുന്നു. പ്രതിഭകളാകുന്നു. |
| 4. | മൂല്യനിർണ്ണയങ്ങൾ - ഒന്നാം ടേം പരീക്ഷ, രണ്ടാം ടേം പരീക്ഷ, വാർഷിക മൂല്യനിർണ്ണയം, ക്ലാസ് പി.ടി.എ. | 500 | കലാക്ലബ്ബ് കൺവീനർ, വിദ്യാരംഗം കൺവീനർ HM, BRC, PTA | ജൂൺ - മാർച്ച് | പരീക്ഷ പരിശീലനങ്ങളിലൂടെ മികവ് കണ്ടെത്തുന്നു. പഠന പ്രശ്നങ്ങൾ പരിഹരിക്കുന്നു. |

# വിഷയാധിഷ്ഠിത പ്രവർത്തനങ്ങൾ

**ക്ലാസ്: 8,9,10** **മേഖല: അക്കാദമികം** **ഉപമേഖല: പ്രവൃത്തിപരിചയം**

| ക്രമ നമ്പർ | പ്രവർത്തനം | ധനവിനിയോഗം | നടത്തിപ്പു ചുമതല | കാലയളവ് | നേട്ടങ്ങൾ |
|---|---|---|---|---|---|
| 1. | കുട്ടികളുടെ പ്രവൃത്തിപരിചയാഭിരുചി പരിശോധിക്കുന്നു, വളർത്തിയെടുക്കുന്നു, പ്രവൃത്തിപരിചയ ക്ലബ് രൂപീകരണം, | 1000 | പ്രവൃത്തിപരിചയ ക്ലബ് കൺവീനർ HM | ജൂൺ | കുട്ടികൾ പ്രവൃത്തിപരിചയ കഴിവുകൾ നേടുന്നു. കുട്ടികളുടെ സർഗ്ഗാത്മക ശേഷി വികസിക്കുന്നു, |
| 2. | ജില്ലാതല മത്സരങ്ങളിലേക്കുള്ള കുട്ടികളെ തെരഞ്ഞെടുക്കുന്നു. വിവിധ മത്സരങ്ങളിൽ പരിശീലിപ്പിക്കുന്നു, ചന്ദനത്തിരി നിർമ്മാണം, ബുക്ക് ബയിന്റിംഗ്, ഫയൽ നിർമ്മാണം, കുട നിർമ്മാണം, ഫാബ്രിക് പെയിന്റിംഗ്, വെജിറ്റബിൾ പ്രിന്റിംഗ് etc.. , മുള, ചിരട്ട, മുത്ത്, ലോഹം കൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ, കളിപ്പാട്ട നിർമ്മാണം, നെറ്റ് നിർമ്മാണം, ചോക്ക് നിർമ്മാണം etc.. | 20000 | പ്രവൃത്തിപരിചയ ക്ലബ് കൺവീനർ HM, BRC, PTA | ജൂലൈ | വിവിധ പ്രവൃത്തിപരിചയ മത്സരങ്ങളിൽ പങ്കാളികളാകുന്നു, മത്സര വിജയം നേടുന്നു. |
| 3. | പ്രവൃത്തിപരിചയ മത്സരങ്ങളിൽ പ്രതിഭകളായ വിദ്യാർത്ഥികൾക്ക് സ്കൂൾതലം, ജില്ലാതലം, സംസ്ഥാനതലം എന്നീ ക്രമത്തിൽ പ്രത്യേക പരിശീലനം ICT സാധ്യതയോടെ പരിശീലിപ്പിക്കുന്നു. | 25000 | പ്രവൃത്തിപരിചയ ക്ലബ് കൺവീനർ HM, BRC, PTA | ആഗസ്റ്റ്-നവംബർ | വിവിധ മത്സരങ്ങളിൽ പങ്കാളികളാകുന്നു, മത്സര വിജയം നേടുന്നു. പ്രതിഭകളാകുന്നു. |
| 3. | മൂല്യനിർണ്ണയങ്ങൾ - ഒന്നാം ടേം പരീക്ഷ, രണ്ടാം ടേം പരീക്ഷ, വാർഷിക മൂല്യനിർണ്ണയം, ക്ലാസ് പി.ടി.എ. | 500 | പ്രവൃത്തിപരിചയ ക്ലബ് കൺവീനർ HM, BRC, PTA | ജൂൺ-മാർച്ച് | പരീക്ഷ പരിശീലനങ്ങളിലൂടെ മികവ് കണ്ടെത്തുന്നു. പഠന പ്രശ്നങ്ങൾ പരിഹരിക്കുന്നു. |

# ഓരോ പ്രവർത്തനങ്ങളും നടപ്പിലാക്കാനുള്ള പദ്ധതി (ഹ്രസ്വം/ദീർഘം)

## അക്കാദമികം

| ക്രമ നമ്പർ | പ്രവർത്തനം | ധനവിനിയോഗം | നടത്തിപ്പു ചുമതല | കാലയളവ് |
|---|---|---|---|---|
| 1. | ഭാഷാശേഷി വികസനം- പുസ്തകശാല, സാഹിത്യ ശില്പശാല, സ്കൂൾ ബ്ലോഗിൽ രചനകൾ പ്രസിദ്ധീകരിക്കൽ, സാഹിത്യകാരെ ആദരിക്കൽ. ബുള്ളറ്റിൻ ബോർഡ്, പുസ്തകശാല | 1,50,000 | PTA, SMC, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ | ജൂൺ 2025- 2026 മാർച്ച് |
| 2. | പഠനയാത്രകൾ, പുസ്തകസമാഹരണം, വാനനിരീക്ഷണ കേന്ദ്രം, ദിനാചരണങ്ങൾ, കരിയർ ഗൈഡൻസ് ക്ലാസ്, പോഷകാഹാര പദ്ധതി, മെഡിക്കൽ ക്യാമ്പ്, അഭിമുഖം | 1,00,000 | PTA, SMC, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ | ജൂൺ 2025- 2026 മാർച്ച് |
| 3. | സ്മാർട് ക്ലാസ്റൂം, ക്ലാസ്തല പഠന നിലവാര രേഖ, തൊഴിൽ പരിശീലനം, ടീച്ചിംഗ് എയ്ഡ്, പഠന സാമഗ്രികൾ, ജി.കെ. ക്ലബ്, പോർട്ട് പോളിയോ ഫയൽ, മൂല്യനിർണ്ണയ രേഖ, അടിസ്ഥാന ശേഷീവികസന പദ്ധതികൾ | 1,75,000 | PTA, SMC,Staff Council തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | ജൂൺ 2025- 2026 മാർച്ച് |
| 4. | ഗണിതശേഷി വികസനം, ഗണിത ലൈബ്രറി, ക്ലാസ്തല ഗണിത കിറ്റ്, ഗണിത കോർണർ, | 50,000 | ഗണിത അധ്യാപകർ, സ്റ്റാഫ് കൗൺസിൽ ക്ലാസ് അധ്യാപകർ എസ്.ആർ.ജി കൺവീനർ | ജൂൺ 2025 മുതൽ മാർച്ച് - 2026 വരെ |

| ക്രമ നമ്പർ | പ്രവർത്തനം | ധനവിനിയോഗം | നടത്തിപ്പു ചുമതല | കാലയളവ് |
|---|---|---|---|---|
| 5. | ഇംഗ്ലീഷ് പഠന പരിപോഷണം, ഇംഗ്ലീഷ് ലാബ്, ഇംഗ്ലീഷ് റീഡിംഗ് കോർണർ | 75,000 | ഇംഗ്ലീഷ് അധ്യാപകർ, സ്റ്റാഫ് കൗൺസിൽ,എസ്.ആർ.ജി കൺവീനർ | ജൂൺ 2025 മുതൽ മാർച്ച് - 2026 വരെ |
| 6. | ശാസ്ത്രപോഷണ പദ്ധതി, ശാസ്ത്രലാബ്, ശാസ്ത്ര മ്യൂസിയം, ശാസ്ത്ര കിറ്റ് | 75,000 | ശാസ്ത്ര അധ്യാപകർ, സ്റ്റാഫ് കൗൺസിൽ | ജൂൺ 2025 മുതൽ മാർച്ച് - 2026 വരെ |
| 7. | വായനാപരിപോഷണം, വിവിധ പത്രങ്ങൾ, ലൈബ്രറി നവീകരണം, | 25,000 | P.T.A, H.M, അധ്യാപകർ | ജൂൺ 2025 മുതൽ മാർച്ച് - 2026 വരെ |
| 8. | കായിക പരിശീലന കിറ്റ്, | 50,000 | PTA, SMC, H.M അധ്യാപകർ | ജൂൺ 2025 മുതൽ മാർച്ച് - 2026 വരെ |

# ഭൗതീകം

| ക്രമ നമ്പർ | പ്രവർത്തനം | ധനവിനിയോഗം | നടത്തിപ്പു ചുമതല | കാലയളവ് |
|---|---|---|---|---|
| 1. | കുട്ടികൾക്കായി പാർക്ക് | 50,000 | PTA, SMC | ജൂൺ 2025- മാർച്ച് - 2026 |
| 2. | സ്കൂൾ അങ്കണത്തിലൊരു കുളം | 20,000 | PTA, SMC, HM | ജൂൺ 2025- ഡിസംബർ 2026 |
| 3. | ഇലക്ട്രോണിക് ഉപകരണങ്ങൾ | 30,000 | PTA, SMC, HM | ജൂൺ 2025- 2026 സെപ്റ്റംബർ |
| 4. | കമ്പ്യൂട്ടർ ലാബ് നവീകരണം | 1,50,000 | PTA, SMC, HM | ജൂൺ 2025- 2026 ഒക്ടോബർ |
| 5. | സൗണ്ട് സിസ്റ്റം | 50,000 | PTA, SMC, HM | ജൂൺ 2025- 2026 ഡിസംബർ |
| 6. | വൈദ്യുതീകരണം | 1,00,000 | PTA, SMC, HM | ജൂൺ 2025- ജനുവരി 2026 |
| 7. | ഓപ്പൺ ക്ലാസ് മുറി | 30,000 | PTA, SMC, HM | ജൂൺ 2025- 2026 സെപ്റ്റംബർ |
| 8. | മാലിന്യ സംസ്ക്കരണ പ്ലാന്റ് | 50000 | PTA, SMC, HM | ജൂൺ 2025- മാർച്ച് 2026 |
| 9. | ഗ്രൗണ്ട് നിർമ്മാണം | 50000 | PTA, SMC, H.M | ആഗസ്റ്റ് 2025 മുതൽ ഡിസംബർ - 2026 |
| 10. | ടോയ്‌ലറ്റ് റിപ്പയറിംഗ് | 10,000 | PTA, SMC | ജൂൺ 2025- 2026 നവംബർ |

| ക്രമ നമ്പർ | പ്രവർത്തനം | ധനവിനിയോഗം | നടത്തിപ്പു ചുമതല | കാലയളവ് |
|---|---|---|---|---|
| 11. | അസംബ്ലി ഹാൾ | 10,000 | PTA, SMC | 2025 ഡിസംബർ |
| 12. | ഫർണിച്ചർ സമാഹരണം | 50,000 | PTA, SMC | ജൂൺ 2025-2026 ജനുവരി |
| 13. | കലാകായിക പ്രവർത്തിപരിചയ പരിശീലനം | 50,000 | PTA, SMC | ജൂൺ 2025-നവംബർ 2026 |
| 14 | സ്കൂൾ കെട്ടിട നിർമ്മാണം | 2,00,000 | PTA, SMC | ജൂൺ 2025-2026 മാർച്ച് |
| 15 | ചരിത്ര മ്യൂസിയം | 25,000 | PTA, SMC | ജൂൺ 2025-ജനുവരി 2026 |
| 16. | ഔഷധ സസ്യത്തോട്ടം, പൂന്തോട്ടം | 1,0,000 | PTA, SMC | ജൂൺ 2025-മാർച്ച് 2026 |
| 17. | ജൈവ വൈവിധ്യ പച്ചക്കറിത്തോട്ടം | 10,000 | PTA, SMC, Agriculture Dept. | ജൂൺ 2025-2026 ഡിസംബർ |
| 18. | ഫസ്റ്റ്എയ്ഡ് ബോക്സ് | 5000 | PTA, PHC | ജൂൺ 2025-2026 മാർച്ച് |
| 19 | ക്ലാസ്മുറി നവീകരണം, പാർക്ക്, ഹെൽത്ത് കാർഡ്,<br>നീന്തൽ കുളം, ചുവർ പത്രിക, പാചക പാത്രങ്ങൾ,<br>ഡൈനിംഗ് ഹാൾ,<br>സ്കൂൾ ചുറ്റുമതിൽ, സ്കൂൾ ആർച്ച് | 50,000<br>40,000<br>50,000<br>1,00,000 | PTA, SMC,Staff Council<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | ജൂൺ 2025-2026 മാർച്ച് |

# സാമൂഹികം

| ക്രമ നമ്പർ | പ്രവർത്തനം | ധനവിനിയോഗം | നടത്തിപ്പു ചുമതല | കാലയളവ് |
|---|---|---|---|---|
| 1. | ക്ലാസ് പി.ടി.എ, രക്ഷാകർതൃദിനം | 2000 | ക്ലാസ് അധ്യപകർ | ജൂൺ 2025 - മാർച്ച് 2026 |
| 2. | ബോധവൽക്കരണ ക്ലാസ് | 10,000 | HM, അധ്യപകർ | ജൂൺ 2025 - ജനുവരി 2026 |
| 3. | സെമിനാർ ക്ലാസ് | 10,000 | HM, അധ്യപകർ | ജൂൺ 2025 - ഫെബ്രുവരി 2026 |
| 4. | അധ്യാപക ശാക്തീകരണ പരിപാടികൾ | 5000 | PTA, SMC, HM | ജൂൺ 2025 - മെയ് 2026 |
| 5. | സ്കൂൾ പത്രം - മാതൃഭൂമി, ദീപിക | 10,000 | പൂർവ്വ വിദ്യാർത്ഥികൾ<br>സ്കൂൾ സ്റ്റാഫ് | ജൂൺ 2025 - മെയ് 2026 |
| 6. | കലാകായിക വിഭവ സമാഹരണം | 10000 | PTA, SMC, HM | ജൂൺ 2025 - മെയ് 2026 |
| 7. | റഫറൽ ഗ്രന്ഥസമാഹരണം | 2000 | PTA, SMC, HM | ജൂൺ 2025 - മെയ് 2026 |
| 9. | ശില്പശാലകൾ | 5000 | PTA, SMC, HM | ഫെബ്രുവരി 2026 |
| 10. | ഫ്രൂട്ട് ഫെസ്ററ്, കിച്ചൻ ഫെസ്റ്റ്, സാഹിത്യസംഗമം, പ്രഭാത ഭക്ഷണം, വിവിധ സ്ഥാപന സന്ദർശനങ്ങൾ, ശുചീകരണം, സമ്മാനദാനം, സർവ്വേ, ചെക്ക് ലിസ്റ്റ് | 10,000<br>50,000<br>25,000 | PTA, SMC,Staff Council<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | ജൂൺ 2025 -<br>2026 മാർച്ച് |

## വിവിധ വകുപ്പുതല പ്രവർത്തനങ്ങൾ 2025-26

| ക്രമ നമ്പർ | പ്രവർത്തനം | ധനവിനിയോഗം | നടത്തിപ്പു ചുമതല | കാലയളവ് |
|---|---|---|---|---|
| 1. | ബാഗ് വിതരണം, സെമിനാർ ക്ലാസുകൾ | 8,250 | RBSK, RKSK project ആരോഗ്യ വകുപ്പ് വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത്, ഹെൽത്ത് ക്ലബ്ബ് | ജൂൺ 2025- മാർച്ച് 2026 |
| 2. | ലഹരി വിമുക്തം - നവകേരളം കർമ്മപദ്ധതികൾ ലഹരിവുദ്ധ ബോധവൽക്കരണം, സെമിനാർ ക്ലാസ്സുകൾ | 1000 | എക്സൈസ് വകുപ്പ്, വിമുക്തി ക്ലബ്, JRC, Scouts & Guides, LITTLE KITES പോലീസ് വകുപ്പ് | ജൂൺ 2025- മാർച്ച് 2026 |
| 3. | യോദ്ധാവ്- കർമ്മപദ്ധതികൾ ക്യാമ്പെയിൻ CPTA, MPTA, ലഹരി വിരുദ്ധ ബോധവൽക്കരണം, സെമിനാർ ക്ലാസുകൾ | 1000 | എക്സൈസ് വകുപ്പ്, വിമുക്തി ക്ലബ്, JRC, Scouts & Guides, LITTLE KITES പേലീസ് വകുപ്പ് | ജൂൺ 2025- മാർച്ച് 2026 |
| 4. | ലഹരിവിരുദ്ധ റാലി | 1000 | എക്സൈസ് വകുപ്പ്, വിമുക്തി ക്ലബ്, അധ്യപകർ PTA, HM | ജൂൺ 2025- മാർച്ച് 2026 |
| 5. | സാമൂഹ്യ ശാസ്ത്ര പ്രതിഭാപോഷണപരിപാടി | 500<br>500 | HM, SSK, BRC, SMC, SRG Conveners IT Co-Cordinator | ജനുവരി 2026 |

# പ്രവർത്തന കലണ്ടർ

## ജൂൺ 2025

| | | |
|---|---|---|
| 02.06.2025 | - | പ്രവേശനോത്സവം, അസംബ്ലി, ടൈംറ്റേബിൾ 2025 - 26 (ടീച്ചേഴ്സ് & ക്ലാസ്) |
| 05.06.2025 | - | ലോക പരിസ്ഥിതിദിനം പ്രവർത്തനങ്ങൾ, അസംബ്ലി, SRG മീറ്റിംഗ് |
| 12.06.2025 | - | അസംബ്ലി, സ്റ്റാഫ് കൗൺസിൽ, ലോക ബാലവേല വിരുദ്ധ ദിനം |
| 14.06.2025 | - | ലോക രക്തദാനദിന പ്രവർത്തനങ്ങൾ, സബ്ജക്ട് കൗൺസിൽ |
| 19.06.2025 | - | വായനാദിനമാസാചരണം പ്രവർത്തനങ്ങൾ, അസംബ്ലി, SRG മീറ്റിംഗ് |
| 21.06.2025 | - | ലോക യോഗാദിനം പ്രവർത്തനങ്ങൾ |
| 26.06.2025 | - | അസംബ്ലി, ലോക ലഹരിവിരുദ്ധദിനം പ്രവർത്തനങ്ങൾ |
| 27.06.2025 | - | മാസപ്പരീക്ഷ |

## ജൂലൈ 2025

| | | |
|---|---|---|
| 01.07.2025 | - | ഡോക്ടേഴ്സ് ഡേ ദിനാചരണം - പ്രവർത്തനങ്ങൾ, വിവിധ ക്ലബ് പ്രവർത്തനങ്ങൾ, അസംബ്ലി |
| 02.07.2025 | - | SRG മീറ്റിംഗ്, സബ്ജക്ട് കൗൺസിൽ |
| 05.07.2025 | - | വൈക്കം മുഹമ്മദ്ബഷീർ ദിനാചരണം പ്രവർത്തനങ്ങൾ |
| 08.07.2025 | - | പൊതു പി.ടി.എ., മെറിറ്റ് ഡേ, ലഹരിവിരുദ്ധ ബോധവൽക്കരണം ( സെമിനാർ) |
| 11.07.2025 | - | ലോക ജനസംഖ്യദിനം - ബോധവൽക്കരണം, SRG മീറ്റിംഗ്, |
| 21.07.2025 | - | അസംബ്ലി, ചാന്ദ്രദിനം - പ്രവർത്തനങ്ങൾ, യുവജനോത്സവം 2025 |
| | | **1st MID TERM EXAMINATION (21.07.25 - 26.07.25)** |
| 27.07.2025 | - | APJ അബ്ദുൽ കലാം ഓർമ്മദിനം - പ്രവർത്തനങ്ങൾ |
| 28.07.2025 | - | അസംബ്ലി, ലോക പ്രകൃതി സംരക്ഷണദിനം (ജൂലൈ 28) - ജൈവവൈവിധ്യ ക്ലബ് പ്രവർത്തനങ്ങൾ |
| 29.07.2025 | - | വിദ്യാരംഗം കലാസാഹിത്യവേദി, വിവിധ ക്ലബ്ബുകൾ ഉദ്ഘാടനം |

## ആഗസ്റ്റ് 2025

| | | |
|---|---|---|
| 04.08.2025 | - | അസംബ്ലി, SRG Meeting, സബ്ജക്ട് കൗൺസിൽ |
| 06.08.2025 | - | ഹിരോഷിമദിനം പ്രവർത്തനങ്ങൾ |
| 07.08.2025 | - | അസംബ്ലി, Class PTA |
| 12.08.2025 | - | അസംബ്ലി, SRG മീറ്റിംഗ്, |
| 15.08.2025 | - | അസംബ്ലി, ഇൻഡിപെൻഡൻസ് ഡേ പ്രവർത്തനങ്ങൾ |
| 18.08.2025 | - | അസംബ്ലി, കർഷക ദിനം (ചിങ്ങം 1) പ്രവർത്തനങ്ങൾ |
| 20.08.2025 | - | ഒന്നാം പാദവാർഷിക പരീക്ഷ (20.08.25 - 27.08.25) |
| 29.08.2025 | - | അസംബ്ലി, ഓണാഘോഷം, ഓണാവധിയ്ക്ക് സ്കൂൾ അടയ്ക്കുന്നു. |

## സെപ്തംബർ 2025

| | | |
|---|---|---|
| 08.09.2025 | - | ഓണാവധിയ്ക്കു ശേഷം സ്കൂൾ തുറക്കുന്നു, ലോക സാക്ഷരതാ ദിനം |
| 09.09.2025 | - | അസംബ്ലി, SRG മീറ്റിംഗ്,വിവിധ ക്ലബ് പ്രവർത്തനങ്ങൾ, (അധ്യാപക ദിനാചരണം) |
| 16.09.2025 | - | ഓസോൺ ദിനാചരണം, അസംബ്ലി, SRG മീറ്റിംഗ്, Class PTA സബ്ജക്ട് കൗൺസിൽ |
| 22.09.2025 | - | അസംബ്ലി, സ്കൂൾ കലോത്സവം, ശാസ്ത്രമേള |
| 29.09.2025 | - | അസംബ്ലി, മാസപ്പരീക്ഷ |

## ഒക്ടോബർ 2025

| | | |
|---|---|---|
| 02.10.2025 | - | ഗാന്ധിജയന്തി ദിനാചരണം പ്രവർത്തനങ്ങൾ |
| 03.10.2025 | - | അസംബ്ലി, SRG മീറ്റിംഗ്, വിവിധ ക്ലബ് പ്രവർത്തനങ്ങൾ, Monthly test Evaluation |
| 09.10.2025 | - | ലോക തപാൽ ദിനം, സബ്ജക്ട് കൗൺസിൽ |
| 13.10.2025 | - | അസംബ്ലി, SRG മീറ്റിംഗ്, ലോക കായിക ദിനം |
| 27.10.2025 | - | Second Mid Term Examination (27.10.25 - 31.10.25) |

## നവംബർ 2025

03.11.2025 - അസംബ്ലി, കേരളപ്പിറവിദിനാഘോഷം, SRG മീറ്റിംഗ്, വിവിധ ക്ലബുകൾ, സംഘടന പ്രവർത്തനങ്ങൾ

10.11.2025 - അസംബ്ലി, ശാസ്ത്രമേള പരിശീലനങ്ങൾ, സി.വി. രാമൻ ദിനം, സ്കൗട്സ് & ഗൈഡ്സ് സ്ഥാപകദിനം- പ്രവർത്തനങ്ങൾ

14.11.2025 - അസംബ്ലി, ശിശുദിനാഘോഷം

17.11.2025 - SRG മീറ്റിംഗ്, സബ്ജക്ട് കൗൺസിൽ

24.11.2025 - അസംബ്ലി, **Second Mid Term Examination (24.11.25 - 28.11.25)**

## ഡിസംബർ 2025

01.12.2025 - അസംബ്ലി, SRG മീറ്റിംഗ്, സബ്ജക്ട് കൗൺസിൽ ലോക എയ്ഡ്സ്ദിന ബോധവൽക്കരണം,

03.12.2025 - അസംബ്ലി, ലോക ഭിന്നശേഷി ദിനം - പ്രവർത്തനങ്ങൾ

08.12.2025 - അസംബ്ലി, വിവിധ ക്ലബുകൾ, സംഘടന പ്രവർത്തനങ്ങൾ

10.12.2025 - മനുഷ്യാവകാശ ദിനം - പ്രവർത്തനങ്ങൾ, Class PTA

11.12.2025 - രണ്ടാം പാദവാർഷിക പരീക്ഷ **(11.12.25 – 28.12.25)**

14.12.2025 - SRG മീറ്റിംഗ്, ദേശീയ ഊർജ്ജസംരക്ഷണ ദിനം

19.12.2025 - ക്രിസ്തുമസ് അവധിയ്ക്ക് സ്കൂൾ അടയ്ക്കുന്നു

29.12.2025 - ക്രിസ്തുമസ് അവധിയ്ക്കുശേഷം സ്കൂൾ തുറക്കുന്നു.

# വിദ്യാമൃതം മികവിലൂടെ.....

കാലാനുസൃതമായ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് ഓരോ വിദ്യാർത്ഥിയേയും ഉന്നത ലക്ഷ്യത്തിലേയ്ക്ക് എത്തിക്കത്തക്കവിധത്തിലുള്ള പരിശീലനം നമ്മുടെ വിദ്യാലയം സംജാതമാക്കുന്നു. പ്രക്രിയാബന്ധിതമായ പഠനപ്രവർത്തനങ്ങൾ, സ്മാർട്ട് ക്ലാസ്മുറികൾ, ഗവേഷണാത്മകമായ കണ്ടെത്തലുകൾ എന്നിവ വിദ്യാർത്ഥികളെ സ്മാർട്ടാക്കിത്തീർക്കുന്നു. വിവിധ ക്ലബുകൾ, സംഘടനകൾ വിദ്യാഭ്യാസ ഏജൻസികൾ എന്നിവയിൽ മികച്ച നിലവാരം പുലർത്തുന്ന നമ്മുടെ വിദ്യാലയം ഇടുക്കി ജില്ലയിലെതന്നെ മികവിന്റെ കേന്ദ്രമായി മാറിക്കഴിഞ്ഞു. പി.ടി.എ. യുടെ സഹകരണത്തോടെ എസ്.എം.സി. യുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന വിദ്യാലയ പ്രവർത്തനങ്ങൾ അറിവും ആരോഗ്യവുമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ സാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല....